# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.291 - 29/06/2016 - ലെ മറുപടിക്ക്**

## സർക്കാരിന്റെ കടബാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാരിന്റെ കടബാധ്യത എത്രയാണെന്നും ഏതൊക്കെ വിഭാഗത്തിലാണ് പ്രസ്തുത ബാധ്യതകളെന്നും വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2016 -ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,55,389.33 കോടിരൂപയാണ്. ഇതിൽ 102496.26 കോടി രൂപ ആഭ്യന്തരകട ഇനത്തിലും 7234.71 കോടി രൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 45658.36 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് മുതലായ ഇനത്തിലുമാണ്. |
| (ബി) കടബാധ്യത മൂലമുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽ നിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാനാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിയ്ക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതി വിശേഷം നേരിടാനാകൂ. |

*അക്കൗണ്ട്സ് ഓഫീസർ*